"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി- തിരുവനന്തപുരം സബ്കോടതിയിൽ നടന്ന ലോക് അദാലത്തിൽ സെറ്റിൽ ചെയ്ത മൂന്ന് എൽ.എ.ആർ കേസുകളിന്മേലുള്ള തുക - അനുവദിക്കുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.3015/2022/LSGD തീയതി,തിരുവനന്തപുരം, 05-12-2022

പരാമർശം:-
1. സ.ഉ.(അച്ചടി) നം.32/2019/ധന തീയതി 18/03/2019
2. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 22/07/2022 തീയതിയിലെ കെ9/116224/08(GL) നമ്പർ കത്ത്.
3. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 26/08/2022, 12/10/2022 തീയതികളിലെ എ3/1457/2017/ട്രിഡ നമ്പർ കത്തുകൾ.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ട്രിഡയ്ക്ക് വേണ്ടി പൊന്നുംവിലയ്ക്ക് ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട മൂന്ന് എൽ.എ.ആർ കേസുകൾ 26/06/2022-ന് ബഹു.തിരുവനന്തപുരം സബ്കോടതിയിൽ നടന്ന അദാലത്തിൽ പരിഗണിക്കുകയും ഒത്തുതീർപ്പാക്കുകയും ചെയ്തിട്ടുള്ളതാണ്. 'ആറ് മാസത്തിനകം തുക ഡെപ്പോസിറ്റ് ചെയ്താൽ പലിശ ഇല്ല' എന്ന വ്യവസ്ഥയിൽ യഥാർത്ഥ തുകയേക്കാൾ കുറച്ച് സെറ്റിൽ ചെയ്ത് സാമ്പത്തിക ബാധ്യത ലഘൂകരിക്കാൻ കഴിയുമെന്നതിനാൽ, മേൽ അദാലത്തിൽ സെറ്റിൽ ചെയ്ത മൂന്ന് എൽ.എ.ആർ കേസുകളുടെ (374/2007, 371/2005, 379/2009) ആകെ തുകയായ 12,95,00000/- രൂപ (പന്ത്രണ്ട് കോടി തൊണ്ണൂറ്റിയഞ്ച് ലക്ഷം രൂപ മാത്രം) അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് പരാമർശം (2) പ്രകാരം ട്രിഡ സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പൊന്നുംവിലയ്ക്ക് ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ബഹു.തിരുവനന്തപുരം സബ്കോടതിയിൽ 26/06/2022 തീയതിയിൽ നടന്ന അദാലത്തിൽ, അർത്ഥനാധികാരിയായ ട്രിഡയുടെ സമ്മതത്തോടുകൂടി ഒത്തുതീർപ്പാക്കിയിട്ടുള്ള 374/2007, 371/2005, 379/2009 എന്നീ മൂന്ന് എൽ.എ.ആർ കേസുകളിന്മേലുള്ള ആകെ തുകയായ 12,95,00000/- രൂപ (പന്ത്രണ്ട് കോടി തൊണ്ണൂറ്റിയഞ്ച് ലക്ഷം രൂപ മാത്രം) '4217-60-800-93-PAYMENT OF COMPENSATION IN LAR CASES' എന്ന ശീർഷകത്തിൽ നിന്ന് ചുവടെ ചേർക്കുന്ന കക്ഷികൾക്ക് അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| Sl. No | Claimant/Petitioner | LAR No. | E.P No. | Village | Sy No./Are | Amount Amount settled in Lok Adalath held on 26/06/2022 |
|---|---|---|---|---|---|---|
| 1 | Sri. S.Manoharan TC 26/502(1), Oottukuzhy Vanchiyoor Village, Thiruvananthapuram | 374/07 | 206/10 | Vanchiyoor | 2874/1&2 (Re.Sy No. 2874/9)/ 0.21 Ares | 22,00,000/- |
| 2 | Smt. Rafeeka T C 49/90(1), Rafeeka Manzil, manacaud (PO) Thiruvananthapuram | 371/05 | 1078/21 | Manacaud | Sy.No 1233/1 (LA Sy No.1236/6) 7.5 Ares | 12,50,00,000/- |
| 3 | V. Kumar and Others S/o Veerayya Reddiar & Lekshmi Ammal (Late) Lekshmi Kala, TC 23/816, Power House Road, Thycaud, TVM | 379/09 | 156/2017 | Thycaud | Sy.No.2363/3 (LA Re Survey No.2363/7), 0.25 Ares | 23,00,000/- |
| ആകെ 12,95,00000/- രൂപ (പന്ത്രണ്ട് കോടി തൊണ്ണൂറ്റിയഞ്ച് ലക്ഷം രൂപ മാത്രം) | | | | | | |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ)
ജില്ലാ കളക്ടർ, തിരുവനന്തപുരം
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം
26/06/2022 തീയതിയിലെ അദാലത്തിൽ പരിഗണിച്ച LAR കേസുകളിലെ കക്ഷികൾക്ക് (ജില്ലാ കളക്ടർ, തിരുവനന്തപുരം മുഖേന)
സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം
നിയമവകുപ്പ് (സ്യൂട്ട് II1/205/2022-LAW, dated 09/11/2022)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Vijitha M B
Date: 05-12-2022 16:45:07
സെക്ഷൻ ഓഫീസർ